# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 321

05.03.2012- ൽ മറുപടിക്ക്

## മൈത്രി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>,, ബെന്നി ബെഹനാൻ:<br>,, വി. റ്റി. ബൽറാം:<br>,, ഐ. സി. ബാലകൃഷ്ണൻ: | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) മൈത്രി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) മൈത്രി ഭവന പദ്ധതി പ്രകാരം പ്രതിവർഷം 21,600/-രൂപയിൽ കവിയാതെ വരുമാനമുള്ള ദുർബല വിഭാഗക്കാർക്കായി 30,000/- രൂപ നിർമ്മാണ ചെലവ് വരുന്ന ഒരു ലക്ഷം വീടുകൾ പ്രതിവർഷം നിർമ്മിക്കാനാണ് ലക്ഷ്യമിട്ടത്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ദുർബല വരുമാനക്കാർക്കായി എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിവഴി നടപ്പാക്കിയിട്ടുള്ളത്; | (ബി) 08.11.2011 -ലെ സ.ഉ (എം.എസ്) നം. 34/2011/ഭവനം നമ്പർ ഉത്തരവ് പ്രകാരം മൈത്രി ഭവന വായ്പാ കുടിശ്ശിക എഴുതിത്തള്ളി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 38,384 കുടിശ്ശികക്കാരായ ഗുണഭോക്താക്കളുടെ കുടിശ്ശിക തുകയായ 137.94 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്. |
| (സി) വായ്പായിനത്തിലും സബ്സിഡിയിനത്തിലും എത്ര കോടി രൂപ എഴുതിതള്ളിയിട്ടുണ്ട്; | (സി) വായ്പായിനത്തിൽ 137.94 കോടി രൂപ എഴുതിത്തള്ളുകയും പ്രിൻസിപ്പൽ സബ്സിഡി ഇനത്തിൽ 243.23 കോടി രൂപയുടെയും പലിശ സബ്സിഡി ഇനത്തിൽ 358.33 കോടി രൂപയുടെയും ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| വായ്പാകുടിശ്ശിക എഴുതി തള്ളി (ഡി) യവരുടെ പണയാധാരങ്ങൾ തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | വായ്പ എഴുതിത്തള്ളിയവരുടെ പണയാധാരങ്ങൾ തിരികെ നൽകുന്നതിന് സംസ്ഥാനതല ചടങ്ങ് കോട്ടയത്ത് ഡിസംബർ 15-ന് നടത്തുകയും തുടർന്ന് ഗുണഭോക്താക്കൾക്ക് നേരിട്ട് അറിയിപ്പ് നൽകിയും പത്ര പരസ്യങ്ങൾ നൽകിയും പൊതു ചടങ്ങുകളിൽ വച്ച് ആധാരങ്ങൾ വിതരണം നടത്തുകയുണ്ടായി. കൂടാതെ എല്ലാ ജില്ലകളിലുമുള്ള ബോർഡിന്റെ ബന്ധപ്പെട്ട ഓഫീസുകൾ വഴി പണയാധാര വിതരണം നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ